# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2719** — **10.07.2015-ൽ മറുപടിക്ക്**

**നഗരസഭയുടെ പദ്ധതികളിൽ സാങ്കേതിക സഹായം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | 1. ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>2. „ . ഡൊമിനിക് പ്രസന്റേഷൻ<br>3. „ കെ. മുരളീധരൻ<br>4. „ കെ. ശിവദാസൻ നായർ. | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ജെ.എൻ.എൻ.യു. ആർ.എം പദ്ധതിയിൻകീഴിൽ 'കോംപ്രിഹെൻസീവ് കപ്പാസിറ്റിബിൽഡിംഗ് പ്രോഗ്രാം'എന്ന പേരിൽ നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്നതുൾപ്പെടെയുള്ള വിവിധ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് 4,900.26 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഗഡു കേന്ദ്ര സഹായമായി 12.25 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ നഗരങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്നതുൾപ്പെടെയുള്ള വിവിധ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് രൂപീകരിച്ചിട്ടുള്ള 14 ജില്ലാതല റിഫോംസ് ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും, അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് റിഫോംസ് ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും മുഖേന വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക, |

സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക, സിറ്റി ഫൈനാൻഷ്യൽ പ്ലാനുകൾ തയ്യാറാക്കുക, വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി പി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക, പ്രോജക്ട് മാനേജ്മെന്റ് , പ്രോജക്ട് മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പ്രസ്തുത നടപടി നഗരസഭകളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ; വിശദമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ ഒരോ ജില്ലയിലേയും റിഫോംസ് ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളിൽ നിയമിച്ചിട്ടുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ അതത് ജില്ലകളിലെ നഗരസഭകൾക്കാകും. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ, സിറ്റി സാനിറ്റേഷൻ പ്ലാനുകൾ എന്നിവയിലൂടെയും , വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡിപി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക, പ്രോജക്ട് മാനേജ്മെന്റ് , പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക, നഗരസഭകളുടെ പൊതു ഭരണവും, സർവ്വീസ് ഡെലിവറിയും, ധനകാര്യ മാനേജ്മെന്റും കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുക, പദ്ധതിയിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള അർബൻ മാനേജ്മെന്റ് സെൽ മുഖേന ഇതിനാവശ്യമായ പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഒരു നോഡൽ ആഫീസറെ നിയമിക്കുകയും സംസ്ഥാനതല റിഫോംസ് ആന്റ് പെർഫോർമെൻസ് മാനേജ്മെന്റ് സെല്ലുകളിലേക്കും 14 ജില്ലാതല മാനേജ്മെന്റ് സെല്ലുകളിലേക്കും , അർബൻ മാനേജ്മെന്റ് സെല്ലിലേക്കും ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ ഇതിനകം നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ദ്ധർക്കുള്ള സംസ്ഥാനതല പരിശീലനം, ഡിപിആറുകളും മുനിസിപ്പൽ ബഡ്ജറ്റും തയ്യാറാക്കുന്നതിനുള്ള പരിശീലനം, സിറ്റി സാനിറ്റേഷൻ പ്ലാൻ, മോഡ്യൂളുകൾ, പ്രാഥമിക പ്രോജക്ട് രൂപരേഖകൾ, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ മേഖലയിലെ പഠന സൗകര്യങ്ങൾ തയ്യാറാക്കൽ എന്നിവയ്ക്കുള്ള വർക്ഷോപ്പുകളും പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതിനകം സംഘടിപ്പിച്ചു കഴിഞ്ഞു. Zero Garbage Status and MSW Management Technique വിജയകരമായി നടപ്പിലാക്കിയ നാമക്കൽ നഗരസഭയിലെ പദ്ധതി പ്രവർത്തനങ്ങൾ പഠിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ നിന്നുള്ള പ്രതിനിധികളുടെയും ജീവനക്കാരുടെയും, ആർപി എം.സികളിലെ ഖരമാലിന്യ സംസ്കരണ വിദഗ്ദ്ധരുടെയും ഒരു പഠന സന്ദർശനവും സംഘടിപ്പിക്കുകയുണ്ടായി. കോട്ടയം ജില്ലയിൽ നടപ്പിലാക്കുന്ന സീറോ വേസ്റ്റ് പ്രോജക്ട് എന്ന പരിപാടിയുടെ നടത്തിപ്പിലും ആർപിഎംസിയിലെ സാങ്കേതിക വിദഗ്ദ്ധർ പ്രധാന പങ്ക് വഹിച്ചുവരുന്നു. നഗരസഭകളുടെ സിറ്റി സാനിറ്റേഷൻ പ്ലാൻ, സിറ്റി ഫൈനാൻഷ്യൽ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള പരിശീലനത്തി

നായി കില, ഐ.എം.ജി എന്നീ സ്ഥാപനങ്ങളുമായി ഇതിനകം ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. നഗരസഭകൾക്ക് ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിന് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട് മെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനും ആർപിഎം.സികൾ മുൻകയ്യെടുത്തിട്ടുണ്ട്. അർബൻ 2020 പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ഡിപിആറുകൾ തയ്യാറാക്കുന്നതിനു മുന്നോടിയായി പ്രാഥമിക പ്രോജക്ട് രൂപരേഖ തയ്യാറാക്കുന്നതിന് 42 നഗരസഭകൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.പി.എം.സികൾ ലഭ്യമാക്കിയിട്ടുണ്ട്. ഇനിയുള്ള പദ്ധതി കാലയളവിൽ വിവിധ മേഖലകളിലായി 89-ഓളം പരിശീലന പരിപാടികളും, 13 എക്സ്പോഷർ വിസിറ്റുകളും, 24 വർക്ഷോപ്പുകളും സിസിബിപി പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**